(സി) ഒറ്റപ്പാലത്ത് നിന്നും എടപ്പാലത്തേക്ക് ബസ് സർവ്വീസ് നടത്തുന്നതിന് ഏതെല്ലാം സ്വകാര്യ ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ സർവ്വീസ് ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

72 (1037) അനധികൃത ബസ് സർവ്വീസ് നിർത്തലാക്കാൻ നടപടി

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, എറണാകുളം മുതലായ ജില്ലകളിൽനിന്ന് രാത്രി സമയത്ത് സ്വകാര്യ ബസുകൾ തിരുവനന്തപുരത്തേക്ക് സർവീസ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ബസ് സർവ്വീസ് നടത്തുന്നതിന് സ്വകാര്യ ബസുടമകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ;

(സി) അനധികൃതമായി സർവ്വീസ് നടത്തുന്നതാണെങ്കിൽ അവ നിർത്തലാക്കുന്നതിന് വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ഡി) പൊതുജനങ്ങളുടെ യാത്രാക്ലേശം ഒഴിവാക്കുന്നതിന് കൂടുതൽ ദീർഘദൂര ബസ് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുമോ?

ഉത്തരം

(എ)-(സി) അനധികൃത സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇപ്പോൾ തന്നെ നിരവധി ദീർഘദൂര സർവ്വീസുകൾ കെ.എസ്. ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് ആവശ്യാനുസരണം കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

73 (1038) കാഞ്ഞങ്ങാട് പാണത്തൂർ റൂട്ടിൽ കൂടുതൽ ബസ് സർവ്വീസ്

ശ്രീ. എം.നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കാഞ്ഞങ്ങാട്-പാണത്തൂർ റൂട്ടിൽ ഇപ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് സർവ്വീസ് നടത്തുന്നത്;

(ബി) പ്രസ്തുത റൂട്ടിൽ കൃത്യമായി ബസ് സർവ്വീസ് ഉണ്ടോ; ഇല്ലെങ്കിൽ നടത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റൂട്ടിൽ വർദ്ധിച്ചു വരുന്ന യാത്രാക്ലേശം പരിഹരിക്കാൻ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്താനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly